# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5117

28-10-2016- ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ ഈ സാമ്പത്തിക വർഷത്തിൽ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പ് ഈ സാമ്പത്തിക വർഷം താഴെപറയുന്ന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിയ്ക്കുന്നു.<br>1. സി. എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.<br>2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്പ്.<br>3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾ/വിവാഹബന്ധം വേർപെടുത്തിയവർ എന്നിവർക്കുള്ള ഭവന നിർമ്മാണ പദ്ധതി.<br>4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം<br>5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി<br>7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി)യിൽപെടുത്തി വിദ്യാഭ്യാസ-ആരോഗ്യ കുടിവെള്ള പദ്ധതി.<br>8. സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്<br>9. എസ്.എസ്.എൽ.സി, +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിച്ച മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ്.<br>10. ഉറുദു ഒന്നാം ഭാഷയായി തെരഞ്ഞെടുത്ത് എസ്.എസ്.എൽ.സി-ക്ക് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്.<br>11. മദ്രസസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗത്വമുള്ള അദ്ധ്യാപകർക്ക് / അവരുടെ പെൺമക്കൾക്ക് വിവാഹ ധന സഹായം നൽകുന്ന പദ്ധതി. |
| (ബി) | നിലവിൽ വകുപ്പിന്റെ കീഴിൽ പ്രമോട്ടർമാരെ നിശ്ചയിച്ചിട്ടുണ്ടോ; നിലവിലുള്ളവരെ എന്നാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ കാലാവധി എത്ര വരെയാണെന്നും വിശദമാക്കാമോ? | (ബി) | നിലവിൽ വകുപ്പിന് കീഴിൽ ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ